പെൻഷൻ തുക

*൪൦. (൯൧) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെൻഷൻതുക വർദ്ധിപ്പിച്ചു സഹായിക്കാൻ ഏതെങ്കിലും പെൻഷൻഡ് ഉദ്യോഗസ്ഥന്മാരുടെ ആവലാതി ഹർജികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്മാർ ആരെല്ലാം;

(സി) ഇവരുടെ പെൻഷൻ തുകകൾ യഥാക്രമം എങ്ങനെ?

ധനവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പെൻഷൻഡ് ഉദ്യോഗസ്ഥന്മാരിൽ പലരും അവരുടെ പെൻഷൻ തുക വർദ്ധിപ്പിച്ചു കിട്ടണമെന്നു് ആവലാതിപ്പെട്ടിട്ടുണ്ട്.

(ബി) അങ്ങനെ ആവലാതിപ്പെട്ടവരുടെ ഒരു പ്രത്യേക ലിസ്റ്റ് തയാറാക്കുക പതിവില്ല.

(സി) ബി.യുടെ ഉത്തരത്തെ പരിഗണിച്ചു് ഇതു ഉദിക്കുന്നില്ല.

തടവുകാരുടെ സൌകര്യം

*൪൧. (൯൨) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ലാക്കപ്പുകളിൽ കിടക്കുന്ന തടവുകാരുടെ സൌകര്യാർത്ഥം എത്ര സബ് ജയിലുകൾ ഇതിനകം പണിതുകഴിഞ്ഞിട്ടുണ്ട്;

(ബി) ആലുവാ സബ് ജയിലിലേയ്ക്കു് തടവുകാരെ എന്നു മാറ്റി താമസിപ്പിക്കും?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) രണ്ടു വലിയ സബ് ജയിലുകൾ, ഒന്നു തിരുവനന്തപുരത്തും, മറ്റൊന്നു് ആലുവായിലും പണിതു കഴിഞ്ഞിട്ടുണ്ട്.

(ബി) ആലുവാ സബ് ജയിൽ കെട്ടിടം പണി തീർന്നിട്ടുണ്ട്. എന്നാൽ ജലസൌകര്യത്തിനും കക്കൂസിനും ആവശ്യമായ ജോലികൾ നടന്നുകൊണ്ടിരിക്കയാണു്. അവ തീർന്നാലുടൻ തടവുകാരെ പുതിയ കെട്ടിടത്തിലേക്കു് മാറ്റുന്നതാണു്.

ഡീലിമിറേഷൻ കമ്മിറ്റി റിപ്പോർട്ട്

*൪൨. (൯൪) ശ്രീ. കെ. ശാർങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി ഗവൺമെണ്ടു് ഒരു ഡീലിമിറേഷൻ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; നിയമിച്ച തീയതി ഏതു്;

(ബി) ഡീലിമിറേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെണ്ടിൽ സമർപ്പിച്ചുവോ; എന്നു്;

(സി) ടി കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഗവൺമെണ്ടു് ഏതെങ്കിലും തീരുമാനം ചെയ്തുവോ; തീരുമാനങ്ങളുടെ സാമാന്യരൂപം എന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൫൦ ഏപ്രിൽ മാസത്തിൽ ഒരു ഡീലിമിറേഷൻ കമ്മിറ്റിയെ നിയമിച്ചു.

(ബി) ൧൯൫൦ ജൂണിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly